**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5265** **05-07-2024 - ൽ മറുപടിയ്ക്ക്**

**ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ അക്കാദമിക വർഷങ്ങളിൽ വിദ്യാലയങ്ങൾ വഴി നടപ്പിലാക്കിയ ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി ഈ വർഷം നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ? | (എ) | കാർഷിക വികസന കർഷക്ഷേമ വകുപ്പ് നടപ്പിലാക്കി വരുന്ന പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 2024-25 വർഷവും ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി നടപ്പിലാക്കുന്നുണ്ട്. ഉത്സവ സീസണുകളിൽ പച്ചക്കറിയ്ക്കായി അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കുന്നതിനായും ഓണക്കാലത്ത് സുരക്ഷിതമായ പച്ചക്കറികൾ നമ്മുടെ സ്വന്തം വീട്ടുവളപ്പിൽ നിന്നു തന്നെ ലഭ്യമാക്കുക എന്നതുമാണ് പദ്ധതിയുടെ പ്രധാന പ്രഖ്യാപിത ലക്ഷ്യം. കർഷകർ, വിദ്യാർത്ഥികൾ, സഹകരണ സ്ഥാപനങ്ങൾ, കുടുംബശ്രീകൾ, ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനകൾ, ജനപ്രതിനിധികൾ, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ, കൃഷിക്കൂട്ടങ്ങൾ തുടങ്ങി പൊതു സമൂഹത്തിലെ എല്ലാ വിഭാഗത്തെയും പങ്കെടുപ്പിച്ചുകൊണ്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. സ്കൂൾ വിദ്യാർത്ഥികൾക്കിടയിൽ കൃഷിയിൽ അവബോധം സൃഷ്ടിക്കുന്നതിനും വിദ്യാലയങ്ങളിൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമായി നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൃഷി വകുപ്പ് നടപ്പിലാക്കി വരുന്ന പോഷക സമൃദ്ധി മിഷനിൽ ഉൾപ്പെടുത്തി വിദ്യാലയങ്ങളിൽ പോഷകത്തോട്ടം നിർമ്മിക്കുന്നതിനായി സങ്കരയിനം പച്ചക്കറി തൈകൾ, ദീർഘകാല പച്ചക്കറി തൈകൾ -മുരിങ്ങ, കറിവേപ്പ്, അഗത്തി, ശീമചക്ക, ഡോളോമൈറ്റ്, സമ്പൂർണ്ണ പച്ചക്കറി മിശ്രിതം, സ്യൂഡോമോണാസ്, ട്രൈക്കോഡെർമ്മ, ഫിഷ് അമിനോ ആസിഡ്, മണ്ണിര കമ്പോസ്റ്റ്, ജൈവ കീടനാശിനി എന്നിവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സ്ഥലപരിമിതിയുള്ള വിദ്യാലയങ്ങളിൽ മട്ടുപ്പാവിലുള്ള കൃഷി, പാട്ട കൃഷി എന്നിവയും നടപ്പിലാക്കുന്നു. കൃഷി ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ വിദ്യാലയങ്ങളിൽ പച്ചക്കറി കൃഷി നടപ്പിലാക്കുന്നതിലൂടെ ഒരു കാർഷിക |

| | | | |
|---|---|---|---|
| | | | സംസ്കാരം വിദ്യാർത്ഥികളിൽ വളർത്തിയെടുക്കുവാനും. സുരക്ഷിത പച്ചക്കറിയുടെ പ്രധാന്യം മനസ്സിലാക്കുന്നതിനും, ജീവിതശൈലി രോഗങ്ങളെ അകറ്റി നിർത്തി ആരോഗ്യമുള്ള തലമുറയെ വാർത്തെടുക്കുന്നതിനും സാധ്യമാകുന്നു. |

സെക്ഷൻ ഓഫീസർ